2004 ആഗസ്റ്റ് 16

**ബാങ്ക് ഉപഭോക്താക്കൾക്ക് ഇപ്പോൾ ആർ റ്റി ജി എസ് സേവനങ്ങൾ: ആർ ബി ഐ**

ബാങ്കുകളുടെ ഉപഭോക്താവിന്റെ ഇടപാടുകൾ നേരിട്ട് അയയ്ക്കാൻ സജ്ജമാക്കുന്ന നേരിട്ടുള്ള സംസ്കരണ രീതി ഉൾപ്പെടുത്തിക്കൊണ്ട് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ അതിന്റെ യഥാസമയ മൊത്തം തീർപ്പാക്കൽ (ആർ.റ്റി.ജി.എസ്) വ്യവസ്ഥ പുന:ക്രമീകരിച്ചിരിക്കുന്നതായി ഇന്ന് പ്രഖ്യാപിച്ചിരിക്കുന്നു. കണക്കിൽ വകകൊള്ളിക്കാനുള്ള അറിയിപ്പ് കിട്ടിയാലുടൻ ഉപഭോക്താവിന്റെ ഇടപാടുകൾ മറ്റ് ഇടപെടലുകൾ ഇല്ലാതെ നേരിട്ട് ഉപഭോക്താവിന്റെ കണക്കിൽ വകകൊള്ളിക്കാൻ നേരിട്ടുള്ള സംസ്കരണ രീതി ബാങ്കുകളെ പ്രാപ്തരാക്കുന്നു. സ്റ്റോക്ക് എക്സ്ചെയ്ഞ്ചുകളുമായി ബന്ധപ്പെട്ട് ടി + 1 തീർപ്പ് ആരംഭിക്കാൻ ഇത് സൗകര്യമൊരുക്കും. ആർ.റ്റി.ജി.എസ് സംവിധാനത്തിൽ പങ്കാളികളായ 72 ബാങ്കുകളിൽ 32 എണ്ണം രാജ്യത്തുടനീളമുള്ള 134 പ്രധാനകേന്ദ്രങ്ങളിലെ 840 ശാഖകളിലൂടെ ഉപഭോക്തൃബന്ധിത ആർ.റ്റി.ജി.എസ് ധനകൈമാറ്റസേവനങ്ങൾ ലഭ്യമാക്കുന്നുണ്ട്. ഇതാണ് രാജ്യത്തെ ബാങ്കിങ് ബിസിനസ്സിലെ ഭൂരിഭാഗവും.

പണംനൽകൽ സംവിധാന കവാടത്തിൽ വായ്പാ വിജ്ഞാപനം കിട്ടി രണ്ടു മണിക്കൂറിനകം ഗുണഭോക്താവായ ഉപഭോക്താവിന്റെ അക്കൗണ്ടിൽ പണം വകകൊള്ളിക്കാൻ സ്വീകരണബാങ്ക് കടപ്പെട്ടിരിക്കുന്നു എന്നും റിസർവ് ബാങ്ക് അറിയിച്ചിട്ടുണ്ട്. ആർ.ജി.റ്റി.എസ് സേവനങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാകുന്ന ബാങ്ക് ശാഖകളുടെ നാളിതുവരെയുള്ള ഉപഭോക്താക്കളുടെ പട്ടിക സൗകര്യാർത്ഥം ആർ ബി ഐ വെബ്സൈറ്റിലെ (www.rbi.org.in) ആർ.റ്റി.ജി.എസ് ലിങ്കിൽ നൽകിയിട്ടുണ്ട്.

2004 മാർച്ച് 24 നാണ് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ യഥാസമയ മൊത്തം തീർപ്പാക്കൽ (ആർ.റ്റി.ജി.എസ്) സംവിധാനം പ്രവർത്തനം ആരംഭിച്ചതെന്ന കാര്യം ഓർക്കുമല്ലോ. ആദ്യം അന്തർ ബാങ്ക് ഇടപാടുകൾ തീർക്കുന്നതിനാണ് പ്രവർത്തിച്ചിരുന്നത്. 2004 ഏപ്രിൽ 29 മുതൽ ആർ.റ്റി.ജി.എസ് സംവിധാനം ഉപഭോക്തൃഇടപാടുകൾ തീർക്കാനും പ്രവർത്തനമാരംഭിച്ചു. ആർ റ്റി ജി എസ് ക്രമബന്ധമായ സുപ്രധാന പണം കൊടുക്കൽ സംവിധാനമാണ് ഇതിൽ രാജ്യത്തെ ബാങ്കിങ്-ധനകാര്യമേഖലകൾ ഉൾപ്പെടുന്നു. എത്ര തുകയുടേതായാലും അന്തർ ഇടപാടുകൾ ഉപഭോക്തൃ അന്തർ ബാങ്ക് ഇടപാടുകൾ എന്നിവ രാജ്യത്തുടനീളം തത്സമയം നടത്താനുള്ള സുരക്ഷിതമായ ഇലക്ട്രോണിക് ധനകൈമാറ്റ സമ്പ്രദായമാണ് ഇത്. രാജ്യത്തെ എല്ലാ പട്ടികപ്പെടുത്തിയ ബാങ്കുകൾക്കും ആർ.റ്റി.ജി.എസ് പങ്കാളികളാവുകയും, ഈ ഇലക്ട്രോണിക് ധനകൈമാറ്റ സൗകര്യം ഉപഭോക്താക്കൾക്ക്

ലഭ്യമാക്കുകയും ചെയ്യാം. നടപ്പിൽ അന്തർ ബാങ്ക് ഇടപാടുകൾ തീർക്കുവാനായി 72 ബാങ്കുകൾ ആർ.റ്റി.ജ.എസ് സംവിധാനത്തിൽ പങ്കാളികളാണ്. ഇത് മുംബൈയിലെ മൊത്തം അന്തർ ബാങ്ക് ഇടപാടുകളിൽ 90 ശതമാനത്തിലേറെ വരും.

അൽപ്പനാ കില്ലാവാല
ചീഫ് ജനറൽ മാനേജർ

പത്രകുറിപ്പ് 2004-2005/188